ബാറെക്മോർ

‘‘ബാറെക്’’ എന്നും ‘‘മോർ’’ എന്നും രണ്ട് സുറിയാനി പദങ്ങൾ ചേർന്ന ഒരു സംയുക്ത വാക്കാണ് ‘‘ബാറെക്മോർ’’. ‘‘കർത്താവേ അനുഗ്രഹിക്കണമേ (എന്റെ കർത്താവേ അനുഗ്രഹിക്കണമേ)’’ – Bless, O My Lord - എന്നാണ് അർത്ഥം. ‘‘ബാറെക്’’ എന്നാൽ “അനുഗ്രഹിക്കുക” എന്നും ‘‘മോർ’’ എന്നാൽ “കർത്താവ് (എന്റെ കർത്താവ്)” എന്നുമാണ് അർത്ഥം. ‘‘ബാറെക്’’ എന്ന വാക്കിന്റെ മൂലരൂപമായ ‘‘ബ്റേക്’’ എന്നതിന് “മുട്ടു മടക്കുക” എന്ന അർത്ഥം കൂടിയുണ്ട്. മാർ തോമാ സഭയുടെ ക്രമങ്ങളിൽ ധാരാളമായി ഉപയോഗിക്കുന്നുണ്ട് ഈ വാക്ക്. ശുശ്രൂഷ സമയം പട്ടക്കാരിൽ നിന്നും മേല്പട്ടക്കാരിൽ നിന്നും അനുവാദം വാങ്ങുന്നതിനും ബാറെക്മോർ ഉപയോഗിക്കുന്നു. “എന്നെ അനുവദിക്കണമേ” എന്ന അർത്ഥത്തിൽ, ശുശ്രൂഷക്കാരും മറ്റും കുർബാന ക്രമത്തിലെ ഭാഗങ്ങൾ വായിക്കുമ്പോൾ ബാറെക്മോർ പറഞ്ഞ് അനുവാദം വാങ്ങി വായന ആരംഭിക്കുന്ന പതിവ് സുറിയാനി സഭകളിൽ ഉണ്ട്. പണ്ടു കാലങ്ങളിൽ പൗരസ്ത്യ നാടുകളിൽ പുരോഹിതരെ അഭിവാദനം ചെയ്യാൻ ബാറെക്മോർ ഉപയോഗിച്ചു വന്നിരുന്നു. സന്ദർഭാനുസരണം ‘‘കർത്താവേ വാഴ്ത്തണമേ’’ എന്ന അർത്ഥത്തിലും ചില ഇടങ്ങളിൽ ഉപയോഗിക്കാറുണ്ട്; പ്രത്യേകിച്ച് വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും വാഴ്ത്തുമ്പോൾ ‘ബാറേക്’ എന്ന വാക്കാണ് സുറിയാനി തക്സായിൽ ഉപയോഗിക്കുന്നത്.